# ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ, പെരിന്തൽമണ്ണ





1987 - ൽ കേരള സർക്കാർ സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെൻറ് അഥവാ മാനവശേഷി വികസന ഇൻസ്റ്റിറ്റ്യൂട്ട്. ഈ സ്ഥാപനത്തിന്റെ ഭരണച്ചുമതല കാലാകാലങ്ങളിൽ സർക്കാർ നിയമിക്കുന്ന ഭരണസമിതിയിൽ



(Governing Body) നിക്ഷിപ്തമാണ്. ബഹു. കേരള ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായും കേരള സർക്കാരിന്റെ ചീഫ് സെക്രട്ടറി വൈസ് ചെയർമാനായും പ്രവർത്തിക്കുന്ന ഭരണസമിതിയുടെ മേൽനോട്ടത്തിൽ, സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ആണ് ഐഎച്ച്ആർഡി പ്രവർത്തിക്കുന്നത്.



മാനവ ശേഷി വികസനത്തിലൂടെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയും ശാസ്ത്ര സാങ്കേതിക രംഗത്തെ പുരോഗതിയും ഈ സ്ഥാപനം ലക്ഷ്യമിടുന്നു. വിശ്വികമായ കാഴ്ചപ്പാടോടെയുള്ള ചുറ്റുപാടുകളുടെ വികസനം അതിലൂടെ രാജ്യത്തിന്റെയാകെ ക്ഷേമം എന്ന ദർശനമാണ് ഐ.എച്ച്.ആർ.ഡി. പിന്തുടരുന്നത്. അതാത് കാലങ്ങളിൽ സമൂഹം മുന്നോട്ട് വയ്ക്കുന്ന ആവശ്യങ്ങൾക്കനുസരിച്ച് നൂതനവും വൈവിധ്യമാർന്നതുമായ പരിപാടികൾ, ഉന്നത നിലവാരമുള്ള പരിശീലന പദ്ധതികൾ എന്നിവ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ട് നാടിന്റെ സമഗ്ര പുരോഗതിക്കായി ഈ സ്ഥാപനം പ്രവർത്തിക്കുന്നു.

1987ൽ തിരുവനന്തപുരം ആസ്ഥാനമായും, 1988ൽ വടകര മോഡൽ പോളിടെക്നിക്കുമായി തുടങ്ങിയ സ്ഥാപനം ഇന്ന് ഒമ്പത് എഞ്ചിനീയറിംഗ് കോളേജുക ൾ എട്ട് പോളിടെക്നിക്ക് കോളേജുകൾ നാല്പത്തിനാല് അപ്ലൈഡ്സയൻസ് കോളേജുകൾ പതിനഞ്ച് ടെക്നിക്കൽ ഹയർസെക്കൻഡറി സ്കൂളുകൾ രണ്ട് മോഡൽ ഫിനിഷിംഗ് സ്കൂളുകൾ എട്ട് മേഖല പഠന കേന്ദ്രങ്ങൾ എന്നിവയുൾപ്പെടെ 86 സ്ഥാപനങ്ങളുമായി എട്ടാംക്ലാസ് മുതൽ പിഎച്ച്ഡി വരെ കോഴ്സുകൾ നടത്തുന്ന കേരളത്തിലെ തന്നെ ഏറ്റവും വലിയ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനമായി ഐഎച്ച്ആർഡി മാറിയിരിക്കുന്നു.



സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഉപരിപഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് എട്ടാം ക്ലാസ് മുതൽ തന്നെ കൃത്യമായ ആസൂത്രണത്തോടെ മുന്നേറുന്നതിന് ഉതകുന്ന വിധത്തിലാണ് ഐഎച്ച്ആർഡി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ ഗ്രാമീണ മേഖലകളിലെയും വിദൂര പ്രദേശങ്ങളിലെയും വിദ്യാർത്ഥികൾക്ക് വരെ സാങ്കേതിക വിദ്യാഭ്യാസം പ്രാപ്തരാക്കാനും അതുവഴി സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നേടുന്നതിനും ഉന്നതജോലികൾ കരസ്ഥമാക്കാനും ഐഎച്ച്ആർഡി സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് ചെറുതല്ല. പുത്തൻ സാകേതിക രംഗത്ത് ഇനിയും കൂടുതൽ സംഭാവനകൾ നൽകാൻ ഐഎച്ച്ആർഡി സ്ഥാപനങ്ങൾക്ക് സാധിക്കും.



ഐഎച്ച്ആർഡിയുടെ കീഴിൽ 2001ൽ അന്നത്തെ വിദ്യാഭ്യാസമന്ത്രി അഡ്വ: നാലകത്ത് സൂപ്പിയുടെ നിർദേശപ്രകാരം സ്ഥാപിതമായ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ, പെരിന്തൽമണ്ണ മലപ്പുറം ജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നും അങ്ങാടിപ്പുറം പഞ്ചായത്തിലെ ഏക സർക്കാർ ഹയർസെക്കൻഡറി വിദ്യാലയവുമാണ്. സാധാരണ സ്കൂളുകളിൽനിന്നും വിഭിന്നമായി സംസ്ഥാന സിലബസിൽ ഉള്ള മുഴുവൻ വിഷയങ്ങൾക്ക് പുറമേ ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ കമ്പ്യൂട്ടർ സയൻസ് തുടങ്ങിയവക്ക് ഊന്നൽ നൽകിയുള്ള പഠന രീതിയാണ് ഈ സ്ഥാപനം കൈകൊള്ളുന്നത്. ഈ സ്ഥാപനത്തിൽ വരുന്ന വിദ്യാർത്ഥികൾ താഴ്ന്ന അക്കാദമിക് പശ്ചാത്തലത്തിൽ നിന്നുള്ളവരാണെങ്കിലും സ്കൂളിന്റെ തുടക്കം മുതൽക്ക്തന്നെ THSLC പരീക്ഷകളിൽ 100% വിജയവും ഹയർസെക്കൻഡറിയിൽ സംസ്ഥാന ശരാശരിക്കും മുകളിൽ ഉയർന്ന വിജയശതമാനവും നേടിയെടുക്കാൻ കഴിയാറുണ്ട്.



